# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്,
വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

E mail: kauagmet@yahoo.co.in

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എഎസ് 26/17, വെള്ളിയാഴ്ച്ച — തീയ്യതി 30.06.2017

### അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 01.07.2017 | 02.07.2017 | 03.07.2017 | 04.07.2017 | 05.07.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 23 | 31 | 8 | 4 | 4 |
| ഉയർന്ന താപനില (°C ) | 30 | 30 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 012 | 012 | 012 | 012 | 012 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 205 | 250 | 250 | 250 | 250 |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | ഞാറു പരുവം | വിരിപ്പു കൃഷി ഞാറു പരുവത്തിലാണ്. |
| തെങ്ങ് | കൂമ്പുചീയൽ | തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് 5 ഗ്രാം/ ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. |
| ജാതി/കുരുമുളക് | ദ്രുതവാട്ടം | കുമിൾ രോഗങ്ങൾക്കെതിരെ മുൻകരുതലായി ജാതി, കുരുമുളക് എന്നിവയിൽ 1% ബോർഡോ മിശ്രിതം തളിക്കുക. അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാൻ സാധ്യതയുണ്ട്. ദ്രുതവാട്ടരോഗം വരാതിരിക്കാൻ ട്രൈക്കോഡെർമ അല്ലെങ്കിൽ സ്യൂഡോമോണാസ് എന്നീ കൾച്ചറുകൾ ഉപയോഗിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. |
| മൃഗസംരക്ഷണം | - | കൊതുകു നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. കുളമ്പ് ചീയൽ, കുളമ്പിനുണ്ടാകുന്ന ക്ഷതം എന്നിവ ഒഴിവാക്കാനായി വെള്ളക്കെട്ടുകളിൽ കന്നുകാലികളെ മേയ്ക്കാൻ വിടാതിരിക്കുക. തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുക.<br>പനിയുടെയും ശ്വാസത്തടസത്തിന്റെയും ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ഡോക്ടറുടെ സഹായം തേടുക.<br><br>**Centre for animal adaptation environment and climate change studies, KVASU, Mannuthy.** |